എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപക നിയമനം

154[774] ശ്രീ. ഉമേഷ് ചള്ളിയിൽ:

" കെ. കെ. ഷാജു:

" എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിൽ അദ്ധ്യാപകരെ ഏതു വർഷം മുതലാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ചു തുടങ്ങിയെന്ന് വ്യക്തമാക്കാമോ;

(ബി) 2003-04 അദ്ധ്യയന വർഷം വി.എച്ച്.എസ്.സി.-യിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് ഇന്റർവ്യൂ നടത്തി ലിസ്റ്റ് പ്രസിദ്ധീകരിച്ചതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിട്ടും നിരവധി സ്കൂളുകളിൽ ഗസ്റ്റ് ലക്ചറർമാരെ നിയമിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ;

(ഡി) വി.എച്ച്.എസ്.സി.-യിൽ ഇപ്പോഴുള്ള ആകെ അദ്ധ്യാപക ഒഴിവുകൾ എത്രയെന്ന് വെളിപ്പെടുത്താമോ;

(ഇ) 2003-04-ൽ എംപ്ലോയ്മെന്റ് ലിസ്റ്റിൽ നിന്നും നിയമിച്ച അദ്ധ്യാപകരുടെ വിശദ വിവരം ലഭ്യമാക്കാമോ;

(എഫ്) ബാക്കി ഒഴിവുകളിൽ അദ്ധ്യാപകരെ എന്തുകൊണ്ട് നിയമിക്കുന്നില്ലെന്നു വിശദമാക്കാമോ;

(ജി) എംപ്ലോയ്മെന്റ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിൽ പാലിച്ച നിബന്ധനകൾ വിശദമാക്കാമോ;

(എച്ച്) സ്കൂൾ വർഷാരംഭത്തിൽ തന്നെ അദ്ധ്യാപകരെ നിയമിക്കത്തക്ക രീതിയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ഐ) സ്ഥിരാദ്ധ്യാപകരെ പി.എസ്.സി. മുഖേന നിയമനം നടത്താനുള്ള കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1998-99 അദ്ധ്യയന വർഷം മുതലാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന അദ്ധ്യാപക നിയമനം തുടങ്ങിയത്.

(ബി) 40-ൽ പരം വിഷയങ്ങൾ പഠിപ്പിക്കുന്നതിന് 2500-ഓളം തസ്തികകൾക്ക് നിയമനം നടത്തുന്നതിനുള്ള വിപുലമായ ലിസ്റ്റാണ് പ്രസിദ്ധീകരിച്ചത്. ലിസ്റ്റിന്റെ പകർപ്പ് ശേഖരിച്ചു നൽകുന്നതാണ്.

(സി) റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം ഗസ്റ്റ് ലക്ചറർ ഇരിക്കുന്ന തസ്തികകളിലേയ്ക്കാണ് നടത്തുന്നത്. ഏപ്രിൽ, മേയ് മാസങ്ങളിൽ ലഭ്യമായ ഒഴിവുകളിലേയ്ക്കാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നത്. പിന്നീടുണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് പ്രത്യേകിച്ച് സെക്കന്റ് ടേമിൽ ഡെപ്യൂട്ടേഷനിൽ ഇരിക്കുന്നവർ തിരിച്ച് പോകുമ്പോൾ ഉണ്ടാകുന്ന ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് റിപ്പോർട്ട് ചെയ്യാറില്ല. അത്തരം തസ്തികകളിൽ ഗസ്റ്റ് ലക്ചറർമാർ പഠിപ്പിക്കും. കൂടാതെ എംപ്ലോയ്മെന്റ് ലിസ്റ്റിൽ എല്ലാ വിഭാഗത്തിലേയ്ക്കും ഇന്റർവ്യൂ സമയത്തു ഉദ്യോഗാർത്ഥികളെ ലഭിക്കാറില്ല. അത്തരം ഒഴിവുകളിലും ഗസ്റ്റ് ലക്ചറർമാരെ നിയമിക്കാറുണ്ട്.

(ഡി)

വൊക്കേഷണൽ ടീച്ചർ	..	593 എണ്ണം
നോൺ വൊക്കേഷണൽ ടീച്ചർ (ജൂനിയർ)	..	958 എണ്ണം
നോൺ വൊക്കേഷണൽ ടീച്ചർ	..	322 എണ്ണം
വൊക്കേഷണൽ ഇൻസ്ട്രക്ടർ	..	595 എണ്ണം
ലാബ് അസിസ്റ്റന്റ്	..	570 എണ്ണം

(ഇ) 2500-ഓളം തസ്തികകളിൽ നിയമിച്ച അദ്ധ്യാപകരുടെ ലിസ്റ്റ് ശേഖരിച്ചു നൽകുന്നതാണ്.

(എഫ്) റാങ്ക് ലിസ്റ്റിൽ നിന്നും ഗസ്റ്റ് ലക്ചറർ ഇരിക്കുന്ന തസ്തികകളിലേയ്ക്കാണ് നിയമനം നടത്തുന്നത്. ഏപ്രിൽ , മേയ് മാസങ്ങളിൽ ലഭ്യമായ ഒഴിവുകളിലേയ്ക്കാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നത്. പിന്നീടുണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് പ്രത്യേകിച്ച് സെക്കന്റ് ടേമിൽ ഡെപ്യൂട്ടേഷനിൽ ഉള്ളവർ തിരിച്ച് പോകുമ്പോൾ ഉണ്ടാകുന്ന ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേയ്ക്ക് റിപ്പോർട്ട് ചെയ്യാറില്ല. അത്തരം ഒഴിവുകളിൽ ഗസ്റ്റ് ലക്ചറർമാർ പഠിപ്പിക്കും. കൂടാതെ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ലിസ്റ്റിൽ നിന്നുള്ള എല്ലാ വിഭാഗങ്ങളിലേയ്ക്കും ഇന്റർവ്യൂ സമയത്തു ഉദ്യോഗാർത്ഥികളെ ലഭിക്കാറില്ല. അത്തരം ഒഴിവുകളിൽ ഗസ്റ്റ് ലക്ചറർമാരെ നിയമിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഉദ്യോഗാർത്ഥികൾക്ക് അടിസ്ഥാന യോഗ്യതാ പരീക്ഷയിൽ ലഭിച്ച മാർക്ക് (ശതമാന നിരക്കിൽ) അധിക യോഗ്യത, ഉദ്യോഗ പരിചയം, വാങ്മൂലമായ സാമർത്ഥ്യം, ടീച്ചിംഗ് എബിലിറ്റി (സബ്ജക്ട് എക്സ്പെർട്ടുകൾ നടത്തുന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ) എന്നിവയ്ക്ക് നൽകുന്ന മാർക്കുകളുടെ അടിസ്ഥാനത്തിലാണ് റാങ്ക് നിശ്ചയിക്കുന്നത്.

(എച്ച്) എംപ്ലോയ്മെന്റ് ആഫീസുകളിൽ നിന്ന് 40-ഓളം വിഷയങ്ങൾക്ക് ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകാറുണ്ട്.

(ഐ) വൊക്കേഷണൽ ഹയർ സെക്കണ്ടറി ഗവൺമെന്റ് സ്കൂൾ സ്പെഷ്യൽ റൂൾസ് 12-3-2004-ൽ നിലവിൽ വന്നതോടെ എല്ലാ ഒഴിവുകളും പി.എസ്.സി-യെ അറിയിച്ചിട്ടുണ്ട്.

ഫോറസ്റ്റ് നഴ്സറി മാനേജ്മെന്റ്, ഫോറസ്ട്രി എന്നിവ വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ പാഠ്യവിഷയമാക്കണമെന്ന നിവേദനം

155[775] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറസ്റ്റ് നഴ്സറി മാനേജ്മെന്റ്, ഫോറസ്ട്രി എന്നിവ വൊക്കേഷണൽ ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ പാഠ്യപദ്ധതിയിൽ വിഷയങ്ങളായി ചേർക്കണമെന്നത് സംബന്ധിച്ച നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആരാണ് പ്രസ്തുത നിവേദനം സമർപ്പിച്ചിട്ടുള്ളത്;

(സി) നിവേദനത്തിൽ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ എന്തെല്ലാമാണ്;

(ഡി) അവയിൻമേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) തൃശൂർ വെള്ളാനിക്കര അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിലെ കോളേജ് ഓഫ് ഫോറസ്ട്രി പ്രസിഡന്റ് ശ്രീ. അഭിലാഷ് ദാമോധരൻ ബഹു. എം.എൽ.എ. ശ്രീ. മത്തായി ചാക്കോ മുഖേനയാണ് നിവേദനം സമർപ്പിച്ചിട്ടുള്ളത്.

(സി) ഫോറസ്ട്രി/ഫോറസ്റ്റ് നഴ്സറി മാനേജ്മെന്റ് എന്ന വിഷയം വി.എച്ച്.എസ്.ഇ. പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്നതാണ് ആവശ്യം.

LIBRARY ARCHIVES Kerala Legislative Assembly